**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1247** **27-07-2021 - ൽ മറുപടിയ്ക്ക്**

**ഗതാഗത വകുപ്പിലെ അഴിമതി തടയുന്നതിന് നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. ബാബു (നെന്മാറ) | | **Shri Antony Raju**<br>(ഗതാഗത വകുപ്പ് മന്ത്രി) | |
| (എ) | ഗതാഗത വകുപ്പിലെ അഴിമതി തടയുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കുമോ; | (എ) | ഗതാഗത വകുപ്പിലെ അഴിമതി തടയുന്നതിന് നിരവധി ഉത്തരവുകളും/സർക്കുലറുകളും മുഖേന സർക്കാർ വേണ്ട നിർദ്ദേശങ്ങൾ നല്കിയിട്ടുണ്ട്. ആരോപണ വിധേയരായ ഉദ്യോഗസ്ഥർക്കെതിരെ 1960-ലെ കേരള സിവിൽ സർവ്വീസ് (തരം തിരിവും നിയന്ത്രണവും അപ്പീലും) ചട്ടം പ്രകാരമാണ് അച്ചടക്ക നടപടികൾ സ്വീകരിക്കുന്നത്. വിജിലൻസ് അന്വേഷണ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ വിജിലൻസ് വകുപ്പിന്റെ ശിപാർശ പ്രകാരം അനന്തര നടപടികൾ സ്വീകരിച്ചുവരുന്നു.<br>കെ.എസ്.ആർ.ടി.സി. യിൽ അഴിമതി ശ്രദ്ധയിൽപ്പെട്ടാലുടൻ തന്നെ ആഭ്യന്തര വിജിലൻസ് വിഭാഗവും ഓഡിറ്റ് വിഭാഗവും അന്വേഷിച്ച് ചട്ടപ്രകാരം അച്ചടക്ക/ശിക്ഷണ നടപടികൾ സ്വീകരിക്കുന്നുണ്ട്. |
| (ബി) | കഴിഞ്ഞ സർക്കാരിന്റെ (2016-2021) കാലത്ത് എത്ര ജീവനക്കാർക്കെതിരെയാണ് അഴിമതി നടത്തിയതിന്റെ പേരിൽ കേസ് രജിസ്റ്റർ ചെയ്തിട്ടുള്ളതെന്ന് വിശദമാക്കുമോ? | (ബി) | മോട്ടോർ വാഹന വകുപ്പിൽ കഴിഞ്ഞ സർക്കാരിന്റെ (2016-2021) കാലത്ത് 41 ജീവനക്കാർക്കെതിരെ അഴിമതി നടത്തിയതിന്റെ പേരിൽ കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ